കുറിപ്പുകൾ ●
സ്റ്റാഫ് ലേഖകൻ



# മുശർറഫ് പുറത്തായെങ്കിലും പ്രശ്നങ്ങൾ ബാക്കി

**അവസാനത്തെ** പിടിവള്ളിയും നഷ്ടപ്പെട്ടപ്പോഴാണ് ആഗസ്റ്റ് 18-ന് പാകിസ്താൻ പ്രസിഡന്റ് റിട്ട. ജനറൽ പർവേസ് മുശർറഫ് സ്ഥാനമൊഴിഞ്ഞത്. പാർലമെന്റും നീതിന്യായ കോടതിയും മുശർറഫിനെ കുറ്റവിചാരണ ചെയ്യണമെന്ന നിലപാടിൽ ഉറച്ചുനിന്നു. പിന്നെ ആകെയുള്ള പ്രതീക്ഷ തന്റെ പഴയ തട്ടകമായ മിലിട്ടറിയിലായിരുന്നു. അവരും കൈയൊഴിഞ്ഞു. തങ്ങളുടെ മുൻ ബോസിനു വേണ്ടി ബാരക്കിൽനിന്ന് തെരുവിലിറങ്ങാൻ സൈന്യം തയാറായില്ല. ഏറ്റവും അടുത്ത കൂട്ടാളിയായ അമേരിക്കയാവട്ടെ, കഴിഞ്ഞ മെയ് മാസം മുതൽ മുശർറഫിന്റെ 'സുരക്ഷിതമായ പിൻവാങ്ങലി'ന് വഴിയൊരുക്കുകയായിരുന്നു.

ഒരു ദശകത്തോളം നീണ്ട സൈനിക ഏകാധിപത്യത്തിനാണ് അന്ത്യം കുറിക്കപ്പെടുന്നത്. നവാസ് ശരീഫിനെ സുഊദിയിലേക്ക് നാടുകടത്തി ഭരണം പിടിച്ചെടുക്കുമ്പോൾ മുശർറഫ് വാഗ്ദാനം ചെയ്തത് സംശുദ്ധ ഭരണമായിരുന്നു. വാഗ്ദാനം വാക്കുകൾക്കപ്പുറം പോയില്ല. അമേരിക്കയെ കൂട്ടുപിടിച്ച് തന്റെയും അമേരിക്കയുടെയും എതിരാളികളെ മുശർറഫ് ഒതുക്കുന്നതാണ് പിന്നീട് കണ്ടത്. എല്ലാ മേഖലകളിലും അഴിമതിയും സ്വജനപക്ഷപാതവും തിമർത്താടി. സമൂഹം പലതരം ആഭ്യന്തര പ്രശ്നങ്ങളാൽ ശിഥിലീകരിക്കപ്പെട്ട് കിടക്കുന്നത് അദ്ദേഹത്തിന് അനുഗ്രഹമായി. ശക്തമായ ബഹുജനപ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ഒരു രാഷ്ട്രീയ പാർട്ടിക്കും കഴിഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് 2007 മാർച്ച് 9-ന് മുശർറഫ് സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ പുറത്താക്കുന്നത്. ഈ സംഭവം മുശർറഫിന്റെ വാട്ടർലൂ ആയി മാറുകയായിരുന്നു. പുറത്താക്കപ്പെട്ട ചീഫ് ജസ്റ്റിസിന് വേണ്ടി അഭിഭാഷകർ തെരുവിലിറങ്ങി. പോലീസും പട്ടാളവും അവരെ നിർദാക്ഷിണ്യം നേരിട്ടു. രാഷ്ട്രീയമായി ഉറങ്ങിക്കിടന്നിരുന്ന മധ്യവർഗത്തെയും വിദ്യാർഥികളെയും ബ്യൂറോക്രാറ്റുകളെയും തട്ടിയുണർത്തിയത് ഈ സംഭവമാണ്. മുശർറഫിന്റെ ജനാധിപത്യ വിരുദ്ധതയും വിധ്വംസക നടപടികളും സമൂഹത്തിന്റെ താഴെ തട്ടിൽ വരെ ചർച്ചയായി. സർവ വിലക്കുകളും മറികടന്ന് മാധ്യമ പ്രവർത്തകരും ബുദ്ധിജീവികളും പ്രക്ഷോഭത്തിനു വേണ്ട ഇന്ധനം നൽകിക്കൊണ്ടിരുന്നു. ജനറൽ അയ്യൂബ് ഖാന്റെ ദുർഭരണത്തിനെതിരിൽ

**അമേരിക്കക്കു വേണ്ടി കൂലിത്തല്ലിനിറങ്ങുന്ന ഏകാധിപതികൾക്ക് പാഠമാവേണ്ടതാണ് മുശർറഫിന്റെ പതനം. ഉറ്റമിത്രം എന്ന് ജോർജ് ബുഷ് പലതവണ വിശേഷിപ്പിച്ച മുശർറഫിന് രാഷ്ട്രീയ അഭയം നൽകാൻ പോലും അമേരിക്ക തയാറായില്ല. മറ്റൊരു ഉറ്റമിത്രമായിരുന്ന ഇറാനിലെ ഷാ രിസാ പഹ്‌ലവിക്കും അമേരിക്ക രാഷ്ട്രീയാഭയം നിഷേധിച്ചിരുന്നു. കാര്യം കഴിഞ്ഞാൽ കുപ്പയിലെറിയുന്ന മൈത്രിയേ ഏതൊരു മൂന്നാംലോക ഭരണാധികാരിയും അമേരിക്കയിൽനിന്ന് പ്രതീക്ഷിക്കേണ്ടതുള്ളൂ.**

മാത്രമാണ് മുമ്പ് ഇത്ര ശക്തമായ ജനകീയ സമരം ഉണ്ടായതെന്ന് പാക് രാഷ്ട്രീയ നിരീക്ഷകനായ നാസിം സഹ്റ അഭിപ്രായപ്പെടുന്നു.

നവാസ് ശരീഫിനും ബേനസീറിനും എതിരായി നടത്തിയ നീക്കങ്ങൾ, അമേരിക്കക്ക് വേണ്ടി നടത്തിയ ബലൂചിസ്താൻ ഓപ്പറേഷൻ, ലാൽ മസ്ജിദ് ഓപ്പറേഷൻ, ജനകീയനായ ബുഗ്തിയുടെ വധം, അടിയന്തരാവസ്ഥ അടിച്ചേൽപ്പിക്കൽ, ജഡ്ജിമാരെ കൂട്ടത്തോടെ പിരിച്ചുവിടൽ, ഭരണഘടനാ വിരുദ്ധമായി അധികാരത്തിൽ പിടിച്ചുതൂങ്ങൽ... ഇത്തരം നടപടികൾ ജനരോഷം ഇരട്ടിപ്പിച്ചു. താലിബാനെ പിടിക്കാനെന്ന പേരിൽ ഗോത്രമേഖലയിൽ നിരവധി ഗ്രാമങ്ങളാണ് മുശർറഫ് ബോംബെറിഞ്ഞ് തകർത്തത്.

ജനകീയ പ്രക്ഷോഭം എത്ര ശക്തമാണെങ്കിലും പാക് രാഷ്ട്രീയത്തിന്റെ വിധി നിർണയിക്കുക എപ്പോഴും രണ്ട് 'A' ആണ്. അമേരിക്കയും ആർമിയും. വേരുകളുള്ള ഒരു രാഷ്ട്രീയ പാർട്ടിയുമായി കൂട്ടുകൂടിയിട്ടല്ലാതെ മുശർറഫിന് പിടിച്ചുനിൽക്കാനാവില്ലെന്ന് മനസ്സിലാക്കിയ അമേരിക്കയാണ് ബേനസീർ-മുശർറഫ് ചർച്ചകൾക്ക് മുൻകൈയെടുത്തത്. ബേനസീറിനെ അനുനയിപ്പിച്ചു നിർത്തി പ്രസിഡന്റായി തുടരാം എന്ന കണക്കുകൂട്ടൽ, ബദ്ധവൈരിയായ നവാസ് ശരീഫ് തിരിച്ചെത്തിയതോടെ തന്നെ അവതാളത്തിലായിരുന്നു. ബേനസീർവധം അത് തകിടം മറിക്കുകയും ചെയ്തു. തുടർന്നു നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലം മുശർറഫ്‌യുഗം അവസാനിച്ചുവെന്ന് വ്യക്തമായ സൂചന നൽകി. കാറ്റിന്റെ ഗതി മനസ്സിലാക്കിയ സൈനിക നേതൃത്വം മുമ്പ് കാണിച്ച അബദ്ധങ്ങൾ ആവർത്തിക്കാതെ വിവേകത്തോടെ പ്രവർത്തിച്ചു. ആരോരും തുണക്കാനില്ലാതെ മുശർറഫ് പുറത്ത്.

മുശർറഫ് പുറത്തായെങ്കിലും പ്രശ്നങ്ങൾ അതേപടി കിടക്കുകയാണ്. അമേരിക്കൻ വിധേയത്വമാണ് ഏറ്റവും വലിയ പ്രശ്നം. മുശർറഫ് പോയതുകൊണ്ട് പാകിസ്താനിൽ നേതൃപ്രതിസന്ധിയില്ലെന്ന് അമേരിക്ക പറഞ്ഞതോർക്കുക. മുശർറഫിന് പകരം സർദാരി-നവാസ് ശരീഫ് കൂട്ടുകെട്ടായാലും മതി അമേരിക്കക്ക്. ഗോത്രമേഖലയിൽ ഇപ്പോഴും തുടരുന്ന സൈനികാക്രമണം അമേരിക്കൻ വിധേയത്വത്തിന് ഒട്ടും കുറവുണ്ടായിട്ടില്ലെന്നതിന്റെ സൂചനയാണ്. മുശർറഫ് വീണത് സ്വാഗതാർഹമാണെങ്കിലും അമേരിക്കൻ അനുകൂല നയങ്ങളിലാണ് മാറ്റമുണ്ടാകേണ്ടത് എന്ന പാക് ജമാഅത്തെ ഇസ്‌ലാമി അമീർ ഖാദി ഹുസൈൻ അഹ്മദിന്റെ പ്രസ്താവന ഇവിടെയാണ് പ്രസക്തമാകുന്നത്. അമേരിക്കയുടെ പ്രീതി നേടാൻ മത്സരിക്കുന്നവരാണ് ഇപ്പോഴുള്ള രാഷ്ട്രീയ നേതൃത്വങ്ങളൊക്കെയും.

അമേരിക്കക്കു വേണ്ടി കൂലിത്തല്ലി നിറങ്ങുന്ന ഏകാധിപതികൾക്ക് പാഠമാവേണ്ടതാണ് മുശർറഫിന്റെ പതനം. ഉറ്റ മിത്രം എന്ന് ജോർജ് ബുഷ് പലതവണ വിശേഷിപ്പിച്ച മുശർറഫിന് രാഷ്ട്രീയ അഭയം നൽകാൻ പോലും അമേരിക്ക തയാറായില്ല. മറ്റൊരു ഉറ്റമിത്രമായിരുന്ന ഇറാനിലെ ഷാ രിസാ പഹ്‌ലവിക്കും അമേരിക്ക രാഷ്ട്രീയാഭയം നിഷേധിച്ചിരുന്നു. കാര്യം കഴിഞ്ഞാൽ കുപ്പയിലെറിയുന്ന മൈത്രിയേ ഏതൊരു മൂന്നാംലോക ഭരണാധികാരിയും അമേരിക്കയിൽനിന്ന് പ്രതീക്ഷിക്കേണ്ടതുള്ളൂ.

മുശർറഫിനെ കുറ്റവിചാരണ ചെയ്യാതെ പുറത്തു കടത്താനാണ് ശ്രമം. ഇതിന്റെ പിന്നിലുള്ള അമേരിക്കൻ താൽപര്യം വളരെ വ്യക്തമാണ്. അമേരിക്കൻ താൽപര്യങ്ങളുടെ നടത്തിപ്പുകാരനായിരുന്നല്ലോ മുശർറഫ്. വിചാരണ നടന്നാൽ പ്രതിക്കൂട്ടിലാവുക അമേരിക്ക തന്നെയാവും. ജനരോഷം ഇളക്കിവിടാതെ എങ്ങനെ കാര്യം സാധിക്കാം എന്ന ചിന്തയിലാണ് സർദാരിയും നവാസ് ശരീഫും. ഇവർ നടത്തുന്ന ഒളിച്ചുകളിക്ക് മറ്റൊരു വിശദീകരണവുമില്ല. പുറത്താക്കപ്പെട്ട ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ളവരെ ഇതുവരെ തിരികെ പ്രവേശിപ്പിക്കാതിരിക്കുന്നതിലും ദുരൂഹതയുണ്ട്. പാക് ജമാഅത്ത് സെക്രട്ടറി ജനറൽ മുനവ്വർ ഹസൻ അഭിപ്രായപ്പെട്ടതുപോലെ, ഭരണഘടനാ ചട്ടങ്ങൾ തുടർച്ചയായി ലംഘിച്ച മുശർറഫിനെ ഭരണഘടനയുടെ ഖണ്ഡിക ആറു പ്രകാരം വിചാരണ ചെയ്യുകയും ശിക്ഷിക്കുകയുമാണ് വേണ്ടത്. ഭാവിയിൽ ഒരു പട്ടാള മേധാവിയും അധികാരം പിടിച്ചെടുക്കാതിരിക്കാൻ ഇത്തരമൊരു കുറ്റവിചാരണ കൊണ്ട് സാധിച്ചെന്നു വരും. ■